Lesson-21
പാഠം-21

# യേശുവിന്റെ ജനനം
# Birth Of Jesus

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture



**തേൻകണം**
**Honey Comb**

**ദൂതൻ അവരോട് ഭയപ്പെടേണ്ട; സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാ സന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. ലൂക്കോസ് 2:10**

The Angel of the Lord said "Fear not For I bring you good tidings of great joy which shall be to all people. Luke 2:10

**പാഠഭാഗം: ലൂക്കോസ് 1:26–38, 2:1–20**

യിസ്രയേൽ ദേശത്ത് നസ്രേത്ത് എന്ന ഗ്രാമത്തിൽ ദൈവത്തെ സ്നേഹിക്കുന്നവളായ മറിയ എന്നു പേരുള്ള നല്ല ഒരു പെൺകുട്ടി ജീവിച്ചിരുന്നു. അവൾ എന്നും പ്രാർത്ഥനയിൽ വളരെ സമയം ചിലവഴിക്കുമായിരുന്നു. ഒരു ദിവസം ദൈവം ഗബ്രിയേൽ എന്ന ദൂതനെ മറിയയുടെ അടുക്കലേക്ക് അയച്ച് ഇപ്രകാരം പറയിച്ചു. 'നിനക്ക് ഒരു പൈതൽ ജനിക്കും അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കാനിരിക്കകൊണ്ടു അവനു യേശു എന്നു പേരിടേണം ' അവൾ ദൈവഹിതത്തിനു മറുത്തു പറഞ്ഞില്ല. അവൾക്കു യോസേഫ് എന്ന പുരുഷനുമായി വിവാഹം ഉറപ്പിച്ചിരിക്കുകയായിരുന്നു. ദൂതൻ ഇക്കാര്യം യോസേഫിനോടു പറഞ്ഞിരുന്നതിനാൽ അവർ ഇരുവർക്കും അതു വളരെ സന്തോഷമായിരുന്നു.

അക്കാലത്ത് ഭരിച്ചിരുന്ന രാജാവ് ജനസംഖ്യ എടുക്കുന്നതിനായി എല്ലാവരും താന്താങ്ങളുടെ സ്വന്ത പട്ടണത്തിലേക്ക് എത്തണമെന്നു കല്പന പുറപ്പെടുവിച്ചു. എല്ലാവരും താന്താങ്ങളുടെ പട്ടണങ്ങളിലേക്കു പോയപ്പോൾ പൂർണ്ണ ഗർഭിണിയായ മറിയയ്ക്കും അവളുടെ ഭർത്താവായ യോസേഫിനും തങ്ങളുടെ പട്ടണമായ ബേത്‌ലഹേമിലേക്ക പോകേണ്ടതായി വന്നു. അന്നു വാഹനങ്ങളായി മൃഗങ്ങളെയാണ് മിക്കവരും ഉപയോഗിച്ചിരുന്നത്. മറിയയും യോസേഫും കഴുതയുടെ പുറത്ത് കയറി ബേത്‌ലഹേമിലേക്കു പോയി.

വളരെയേറെ ക്ഷീണിതയായ മറിയക്കു പ്രസവ സമയവും അടുത്തു. താമസിക്കുവാൻ യോസേഫ് വഴിയമ്പലത്തിൽ സ്ഥലം ചോദിച്ചു. ആളുകൾ നേരത്തെ അവിടെ നിറഞ്ഞിരുന്നതിനാൽ അവർക്കു സ്ഥലം ലഭിച്ചില്ല. സത്രം സൂക്ഷിപ്പുകാരൻ മറിയയുടെ അത്യാവശ്യം മനസ്സിലാക്കി പശുതൊഴുത്ത് കാണിച്ചുകൊണ്ട് സാധിക്കുമെങ്കിൽ അവിടെ കഴിയുവാൻ ആവശ്യപ്പെട്ടു. അതായാലും മതിയെന്നു കണ്ടു യോസേഫ് അവിടമെല്ലാം വൃത്തിയാക്കി.അതിനിടയിൽ മറിയയുടെ പ്രസവവും നടന്നു. മറിയ ശിശുവിനെ തുണികൾ പൊതിഞ്ഞ് പുൽതൊട്ടിയിൽ കച്ചിമെത്തയിൽക ിടത്തി.അതിസ ുന്ദരനായഒ രാൺക ുഞ്ഞിനെല ഭിച്ചതിൽഅ വർക്കുവ ളരെ സന്തോഷം ഉണ്ടായി. അവർ ശിശുവിന് 'യേശു' എന്നു പേരിട്ടു. യേശു ജനിച്ച ബേത്‌ലഹേം പട്ടണത്തിനു വെളിയിൽ ആട്ടിടയന്മാർ തങ്ങളുടെ ആടുകളെ കാത്തുകൊണ്ട് ആ രാത്രിയിൽ കിടക്കുകയായിരുന്നു. പെട്ടെന്ന് വലിയൊരു പ്രകാശം ആകാശത്തിൽ കണ്ടു. പ്രകാശത്തിൽ ഒരു ദൂതൻ അവരോട് ഇങ്ങനെ പറഞ്ഞു. "ഭയപ്പെടേണ്ട സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ള ഒരു ഒരു മഹാ സന്തോഷം നിങ്ങളോടു സുവിശേഷിക്കുന്നു. നിങ്ങൾക്കായി ബേത്‌ലഹേമിൽ ഒരു രക്ഷിതാവ് ജനിച്ചിരിക്കുന്നു". ആകാശത്ത് വലിയ പ്രകാശം ഉണ്ടായി. ദൂതന്മാരുടെ ഒരു സംഘത്തെ ഇടയന്മാർ കണ്ടു. അവർ നല്ല പാട്ടുപാടി 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം' എന്നായിരുന്നു പാട്ട്. അവർ ശിശുവിനെ വന്നു കണ്ടു നമസ്കരിച്ചു. സന്തോഷത്തോടെ മടങ്ങി. ഈ വാർത്ത മറ്റുള്ളവരേയും അറിയിച്ചു.

**സന്ദേശം: സർവ്വ ജനത്തിനും സന്തോഷം ഉണ്ടാകുവാനും തന്റെ ജനത്തെ പാപത്തിൽ നിന്നും വീണ്ടെടുക്കുവാനുമായാണ് യേശു ഭൂമിയിൽ വന്നത്.**

## Reading Portion: Luke 1:26-38,2:1-20

There lived in Nazareth, a village in Israel, a lovely girl Mary who loved God and spent lot of time praying. One day God's Angel Gabriel appeared to Mary and saluted her. He said, "A child will be born to you. You must name Him Jesus for he will save the people from their sins. She submitted herself to God. She was betrothed to Joseph. Gabriel also had informed Joseph about this, as so they both were happy.

The King who ruled at that time proclaimed that every person should come to their native place for census. Joseph has to take his wife Mary, who was conceived fully, to their native land Beth-la-hem. These days there were no vehicles and people

travelled on animals. Joseph and Mary went to Bethlehem on donkeys.

Mary was so tired and almost ready for giving birth to the child. Joseph tried for place in the inns but could not get due to the crowd. The Inn Keeper seeing Mary's urgency showed his cattle shed. Mary gave birth to her first son in that manger. She wrapped the baby in swaddling clothes and laid him on the bed of straw. They were delighted and served the child Jesus, as the angel told.

Shepherds, watching over their flock in the night outside Bethlehem heard Angels singing and a bright light shown on them. An angel said 'Fear not for I bring you good tidings of great joy to all people. For unto you is born in Bethlehem a Saviour which is Christ the Lord'. Angels sang “Glory to God in the highest and peace on earth towards men”. They happily came saw the child and worshipped Him.

**Message: Jesus came into this world to bring peace to all on earth and to save them from their sin**




1. മറിയയുടെ അടുക്കൽ വന്ന ദൂതൻ ആര്?
   Which angel came to Mary ?
2. ദൂതന്മാരുടെ പാട്ട് എന്തായിരുന്നു?
   What was the song of the Angels?
3. മറിയയും യോസേഫും നസ്രേത്തിൽ നിന്നു ബേത്‌ലഹേമിലേക്കു പോയത് എന്തിന്?
   Why did Joseph and Mary go to Bethlehem from Nazareth ?

**ടീച്ചറിന്റെ സഹായത്തോടെ ബൈബിളിൽ നിന്നു കണ്ടു പിടിക്കുക**

**Find out fom the Bible with the help of your teacher**

ശിശുവിന് യേശു എന്നു പേരിടാൻ കാരണം?
Why was the child named Jesus ?

ലോകരക്ഷകനായ, രാജാവായ യേശു കാലിത്തൊഴുത്തിൽ ജനിച്ചതെന്തുകൊണ്ട്?
Why was Jesus, the saviourof the world and King born in a manger ?

പ്രവർത്തനം
Activity

യേശുവിന്റെ ജനനത്തിൽ
വഴി കാട്ടിയായ നക്ഷത്രം
കളർ പേപ്പർ ഒട്ടിച്ചുവൃത്തിയാക്കാമോ?

Stick colour paper on the star
which showed the way on Jesus's birth?



ഗബ്രിയേൽ ദൂതന് ആട്ടിടയരുടെ
അടുത്തെത്താൻ വഴി കാണിക്കാമോ?

Can you show the way to Gabriel
the angels to reach the shepherds?

